പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 3847 21.06.2019 ലെ മറുപടിക്ക്

**കയർമേഖലയിലെ തൊഴിലാളികളുടെ ഉന്നമനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| കയർവ്യവസായ മേഖലയിൽ തൊഴിലെടുക്കുന്നവരുടെ ഉന്നമനത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ? | കയർ തൊഴിലാളികളുടെ ഉന്നമനത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br><br>**പി.എം.ഐ (പ്രൊഡക്ഷൻ & മാർക്കറ്റിംഗ് ഇൻസെന്റീവ്)**<br>പി.എം.ഐ പദ്ധതി പ്രകാരം 2018-19 സാമ്പത്തിക വർഷം 4 കോടി രൂപ ബജറ്റിൽ വകയിരുത്തിയിരുന്നു. കൂടാതെ റി-അപ്രോപ്രിയേഷൻ മുഖേന 5 കോടി രൂപയും അനുവദിച്ചിരുന്നു. ആകെ അനുവദിച്ച 9 കോടി രൂപ അർഹമായ സംഘങ്ങൾക്ക് 2018-19 സാമ്പത്തിക വർഷം പി.എം.ഐ പദ്ധതി പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി വിനിയോഗിച്ചു. ടി തുക അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിനും കൂലി കൊടുക്കുന്നതിനും വിനിയോഗിക്കാമെന്നതിനാൽ തൊഴിലാളികൾക്ക് തൊഴിലും കൂലിയും ഉറപ്പാക്കുന്നതിന് ഏറ്റവും സഹായകരമാണ്.<br><br>**മാനേജീരിയൽ സബ് സിഡിയും ഗ്രാറ്റുവിറ്റിയും**<br>സഹകരണ സംഘം ജീവനക്കാർക്കുള്ള മാനേജീരിയൽ സബ്സിഡി ഇനത്തിൽ 2018-2019 സാമ്പത്തിക വർഷം 2,51,90,500/- രൂപ വിവിധ സംഘങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്.<br>പ്രാഥമിക കയർ സഹകരണ സംഘങ്ങൾ, മാറ്റ്സ് & മാറ്റിംഗ്സ് സൊസൈറ്റികൾ എന്നിവയിലെ വിവിധ തസ്തികകളിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് റിട്ടയർമെൻറ് |

ആനുകൂല്യം നൽകുന്നതിനായി ഒറ്റത്തവണ പദ്ധതിപ്രകാരം 01.04.2006 മുതൽ 31.07.2018 വരെയുള്ള കാലയളവിൽ സംഘങ്ങളിൽ നിന്നും വിരമിച്ച ജീവനക്കാർക്കും തൊഴിലാളികൾക്കും ഗ്രാറ്റുവിറ്റി കുടിശ്ശികയിനത്തിൽ ആകെ 4,53,89,516/-രൂപ അനുവദിക്കുകയുണ്ടായി.

## കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്

2018-19 സാമ്പത്തിക വർഷം കേരള കയർ തൊഴിലാളി ക്ഷേമിധി ബോർഡ് മുഖേന പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി ബജറ്റിൽ 84,12,00,000/- രൂപ വകയിരുത്തിയിരുന്നു. ടി തുക മുഴുവനായി കയർ തൊഴിലാളി പെൻഷൻ, വിരമിക്കൽ ആനുകൂല്യം, മാച്ചിംഗ് ഗ്രാൻറ് എന്നീ ആനുകൂല്യങ്ങൾ നൽകുന്നതിനായി വിനിയോഗിച്ചിട്ടുണ്ട്. കൂടാതെ എസ്.ഡി.ജി മുഖേന 10 കോടി രൂപയും അധിക ധനാനുമതി നൽകുക വഴി 18,17,06,000/- രൂപയും കയർ തൊഴിലാളികൾക്ക്, ക്ഷേമനിധി ബോർഡ് മുഖേന 2018 ഓഗസ്റ്റ് മുതൽ നവംബർ വരെയുള്ള പെൻഷൻ തുക നൽകുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം നാളിതുവരെ 112.29 കോടി രൂപ ക്ഷേമ പ്രവർത്തനങ്ങൾക്കായി നൽകി.

കയർ തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ സർക്കാർ പെൻഷൻ തുക 600/- രൂപയിൽ നിന്നും 1100/- രൂപയായി വർദ്ധിപ്പിച്ചു. പ്രസവ ധനസഹായ തുക 1000/- രൂപയിൽ നിന്നും 15,000/- രൂപയായി വർദ്ധിപ്പിച്ചു. 41,400 കയർ തൊഴിലാളികൾക്ക് വിരമിക്കൽ ആനുകൂല്യം നൽകുന്നതിന് 22.25 കോടി രൂപ അനുവദിച്ചു. കൂടാതെ ക്ഷേമനിധി പദ്ധതി പ്രകാരമുള്ള വിവിധ ആനുകൂല്യങ്ങൾ നൽകി വരികയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ